# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.986** **30.10.2019 ലെ മറുപടി**

### കടലാക്രമണം നേരിടാൻ ജിയോ ബാഗുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം<br>,, ടി.എ.അഹമ്മദ് കബീർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>ഡോ. എം.കെ.മുനീർ | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ തീരദേശമേഖലകളിൽ ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണം നേരിടാൻ ജിയോബാഗുകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) ജി.ഒ(എം.എസ്)നം.21/2019/ജവിവ തീയതി, 15.06.2019 പ്രകാരം 9 തീരദേശ ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗ് ഉപയോഗിച്ച് കടലാക്രമണം പ്രതിരോധിക്കാൻ ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് 22.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. |
| ബി) കടലാക്രമണം നേരിടുന്നതിന് ഈ സംവിധാനം പ്രാപ്തമാണെന്നു കരുതുന്നുണ്ടോ; | ബി) ഹ്രസ്വകാലാടിസ്ഥാനത്തിലാണ് ജിയോ ബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽ തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നത്. ഇതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിവരുന്നു. |
| സി) കടലാക്രമണം തടയുന്നതിന് സ്ഥിരമായ എന്തു സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി) സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി CWPRS പൂനെ/IIT ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ നിന്നും design ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് സ്ഥിരമായ സംവിധാനം എന്ന നിലയിൽ നിർമ്മിച്ചുവരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. |

30/10

സെക്ഷൻ ഓഫീസർ